# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 21.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി; ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക് നൽകുന്ന പിന്തുണയെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

   **Prime Minister Narendra Modi held a telephone conversation with Iranian President Masoud Pezeshkian and appreciated the support extended for the safety of Indian citizens.**

2. പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യം നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യക്കുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Defence Minister Rajnath Singh said that India believes the conflict situation in West Asia should be resolved through diplomatic talks.**

3. സംസ്ഥാനങ്ങൾക്കുള്ള വാണിജ്യ എൽ.പി.ജി വിഹിതം 20 ശതമാനം കൂടി വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ.

   **The Government has approved another 20 per cent allocation of commercial LPG to States.**

4. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം തിങ്കളാഴ്ച വരെ; ബി.എൽ.ഒ മാരുടെ ഇൻസെൻറീവ് വെട്ടിക്കുറച്ചതായുള്ള വാർത്ത തള്ളി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **Submission of nomination for the Legislative Assembly elections in Keralam will continue till Monday; Chief Electoral Officer Rathan U**

**Kelkar has denied reports claiming that incentives for BLOs have been reduced.**

5. **സംസ്ഥാനത്ത് പകൽ താപനില ഉയരുന്നു; 11 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**

   **Daytime temperature are rising in the state; the IMD has issued yellow alert in 11 districts.**

6. **ആഗോള എണ്ണ വിപണിയുടെ സ്ഥിരതയ്ക്കായി കടലിൽ കുടുങ്ങിക്കിടക്കുന്ന ഇറാനിയൻ കപ്പലുകളിലെ എണ്ണ വിൽക്കുന്നതിന് 30 ദിവസത്തെ ഉപരോധ ഇളവ് പ്രഖ്യാപിച്ച് അമേരിക്ക**

   **United States of America announces a 30-day sanctions waiver permitting the sale of Iranian oil currently stranded at sea, to stabilise global oil markets.**

***************************************************

## WAR – WEST ASIA

പശ്ചിമേഷ്യൻ മേഖലയിൽ യുദ്ധം പുതിയ തലങ്ങളിലേക്ക് വ്യാപിക്കുന്നു. ഹിസ്ബുള്ളയെ ലക്ഷ്യമിട്ട് ഇസ്രായേൽ ലബനനിൽ വ്യോമാക്രമണം ശക്തമാക്കിയപ്പോൾ, ഇറാന്റെ ഭാഗത്തുനിന്നുണ്ടായ പുതിയ നീക്കങ്ങൾ ആഗോളതലത്തിൽ ആശങ്ക വർദ്ധിപ്പിക്കുകയാണ്. അതേസമയം, ഇസ്രായേലിന്റെ മധ്യമേഖലകളിൽ ഹിസ്ബുള്ളയുടെ മിസൈൽ ആക്രമണത്തെത്തുടർന്ന് അപായ സൂചന മുഴങ്ങി. ജറുസലേമിലെ പഴയ നഗരത്തിന് സമീപം മിസൈലുകളുടെ അവശിഷ്ടങ്ങൾ പതിച്ചതായും റിപ്പോർട്ടുകളുണ്ട്.

***************************************************

## RAJNATH SINGH–UTTARAKHAND (INTRO)

ലോകം പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നു പോവുന്നതെന്നും രാജ്യം ഈ സാഹചര്യത്തെയും നേരിടുമെന്നും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് . ഉത്തരാഖണ്ഡ് സർക്കാരിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് ഹൽദ്വാനിയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പശ്ചിമേഷ്യയിലെ സാഹചര്യം ആശങ്കാജനമാണെന്നും ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന നിലപാടാണ് ഇക്കാര്യത്തിൽ ഇന്ത്യ സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

***************************************************

## GOVT-LPG

സംസ്ഥാനങ്ങൾക്കുള്ള വാണിജ്യ എൽ.പി.ജി വിഹിതം 20 ശതമാനം കൂടി വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. ഇതോടെ മൊത്തം വിഹിതം 50 ശതമാനമായി ഉയർന്നു. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, വ്യവസായ ശാലകൾ എന്നിവയ്ക്കായിരിക്കും അധിക വിഹിതത്തിൽ മുൻഗണന. പൂഴ്ത്തിവെപ്പിനും കരിഞ്ചന്തയ്ക്കുമെതിരെ കർശന നടപടിയെടുക്കാൻ സംസ്ഥാനങ്ങൾക്ക് കേന്ദ്രം നിർദേശം നൽകി. രാജ്യത്ത് ഇന്ധനക്ഷാമം ഇല്ലെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു.

***************************************

## MEA FACT CHECK

ഇന്ത്യയുടെ പശ്ചിമ മേഖലയിൽ നിന്ന് ഇറാനെതിരെ ബോംബ് ആക്രമണം നടത്താനുള്ള സഹായം ചെയ്യാൻ ഇന്ത്യയോട് അമേരിക്ക ആവശ്യപ്പെട്ടെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ നിഷേധിച്ച് വിദേശകാര്യ മന്ത്രാലയം. ഇത്തരം അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മന്ത്രാലയത്തിന്റെ വസ്തുതാ പരിശോധനാ യൂണിറ്റ് അഭ്യർത്ഥിച്ചു.

***************************************

## PM-IRAN PREZ

ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോൺ സംഭാഷണം നടത്തി. മേഖലയിലെ നിർണായക അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ആക്രമണങ്ങളെ അദ്ദേഹം അപലപിച്ചു. ഇറാനിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക് നൽകുന്ന പിന്തുണയെ ശ്രീ. നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇറാൻ പ്രസിഡന്റിന് ഈദ്, നൗറൂസ് ആശംസകളും പ്രധാനമന്ത്രി നേർന്നു.

***************************************

## TRUMP

ഇറാനുമായുള്ള സൈനിക നടപടികൾ അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. നടപടികൾ ലക്ഷ്യത്തോടടുത്തെന്നും അതിനാൽ സൈനിക നീക്കങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. യു.എസ് പ്രസിഡൻറിൻറെ അഭ്യർത്ഥന മാനിച്ച്, ഇറാൻ വൈദ്യുതിക്കായി പ്രധാനമായും ആശ്രയിക്കുന്ന ഗ്യാസ് ഫീൽഡുകൾ ആക്രമിക്കുന്നത് നിർത്തുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു പറഞ്ഞു. കൂടാതെ, കടലിൽ കുടുങ്ങിക്കിടക്കുന്ന ഇറാനിയൻ കപ്പലുകളിലെ എണ്ണ വിൽക്കാൻ അനുമതി നൽകുന്ന 30 ദിവസത്തെ ഉപരോധ ഇളവ് അമേരിക്ക പ്രഖ്യാപിച്ചു.

***************************************

## IRAN-WAR END

യുദ്ധത്തിന് ശാശ്വതമായ അന്ത്യമാണ് ഇറാൻ ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചി. വെടിനിർത്തൽ എന്ന നിർദ്ദേശത്തെ അദ്ദേഹം തള്ളിക്കളഞ്ഞു. അമേരിക്കയുടെയും ഇസ്രായേലിന്റെയും ആക്രമണങ്ങൾ നിയമവിരുദ്ധമാണെന്ന് വിശേഷിപ്പിച്ച ഇറാൻ വിദേശകാര്യ മന്ത്രി, ഇതിനെതിരെ അന്താരാഷ്ട്ര സമൂഹം ഇടപെടണമെന്ന് ആവശ്യപ്പെട്ടു.

***************************************

## CRUDE OIL + GOLD

പശ്ചിമേഷ്യയിലെ സംഘർഷങ്ങളെത്തുടർന്ന് ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില കൂടി. ബ്രെന്റ് ക്രൂഡ് ഓയിൽ ബാരലിന് 106.77 യുഎസ് ഡോളറിനാണ് ഇന്ന് വ്യാപാരം നടക്കുന്നത്. സ്വർണ്ണവില കുറഞ്ഞു. പവന് 275 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 7,040 രൂപയും ഗ്രാമിന് 13,380 രൂപയുമാണ് ഇന്നത്തെ വില.

***************************************

## CEO - BLO ALLOWANCE

കേരളത്തിൽ ബി എൽ ഒ മാരുടെ ഇൻസെന്റീവ് വെട്ടികുറച്ചതായി പ്രചരിക്കുന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. സമ്പൂർണ്ണ വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ പങ്കെടുത്ത ബി എൽ ഒ മാർക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശാനുസരണം രണ്ടായിരം രൂപയാണ് ഇൻസെന്റീവായി നിശ്ചയിച്ചതെന്നും അദ്ദേഹം അറിയിച്ചു.

***************************************

## C-VIGIL

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങളും സാമ്പത്തിക ദുരുപയോഗവും തടയുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപകല്പന ചെയ്ത 'സി-വിജിൽ' മൊബൈൽ ആപ്പ് പൂർണതോതിൽ പ്രവർത്തനസജ്ജമായി. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട ഫോട്ടോകളും രണ്ട് മിനിറ്റിൽ കവിയാത്ത വീഡിയോകളും പൊതുജനങ്ങൾക്ക് തത്സമയം പകർത്തി ഈ ആപ്പ് വഴി അധികൃതർക്ക് അയക്കാവുന്നതാണ്.

***************************************

## ECINET (INTRO)

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും സേവനങ്ങൾക്കുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കിയ

ഏകജാലക ഡിജിറ്റൽ സംവിധാനമാണ് ECINET. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നാൽപ്പതിലധികം മൊബൈൽ ആപ്ലിക്കേഷനുകളെയും പോർട്ടലുകളെയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്ന ഈ സംവിധാനത്തെ പരിചയപ്പെടാം.

**വിശദാംശങ്ങളിലേക്ക്.....**

**(വോയിസ്)**

ECINET പ്ലാറ്റ്ഫോം, ഒന്നിലധികം ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും വ്യത്യസ്ത ലോഗിൻ വിവരങ്ങൾ ഓർത്തുവെക്കുന്നതിനുമുള്ള ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് കുറയ്ക്കുന്നു. തിരഞ്ഞെടുപ്പ് വിവരങ്ങൾ ലഭ്യമാക്കുകയും ഉദ്യോഗസ്ഥർക്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നിരീക്ഷിക്കാൻ സൗകര്യമൊരുക്കുകയും ചെയ്യും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ലഭ്യമാകുന്ന വിവരങ്ങൾ പരമാവധി കൃത്യമാണെന്ന് ഉറപ്പാക്കുന്നു. ഇംഗ്ലീഷിനു പുറമെ 22 ഔദ്യോഗിക ഭാഷകളിലും ECINET ലഭ്യമാണ്. വോട്ടർ രജിസ്ട്രേഷൻ, വോട്ടർപട്ടികയിലെ പരിശോധന, അപേക്ഷകളുടെ നിലവിലെ സ്ഥിതി, സ്ഥാനാർത്ഥിയെ കുറിച്ചുള്ള വിവരങ്ങൾ, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയം, പോളിങ് ട്രെൻഡുകൾ, പരാതിപരിഹാരം തുടങ്ങിയ നിരവധി സേവനങ്ങൾ ഈ സുരക്ഷിത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താഴേത്തട്ടിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള തടസ്സരഹിത സംവിധാനവും ECINET ഉറപ്പാക്കും.

**ന്യൂസ് ഡെസ്ക്, ആകാശവാണി........**

****************************************

## SIR – KERALA

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ മറ്റന്നാൾ വരെ സമയം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

****************************************

## KERALA ELECTION

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം മറ്റെന്നാൾ അവസാനിക്കും. മൂന്ന് മുന്നണികളിലെയും പ്രമുഖ സ്ഥാനാർത്ഥികൾ ഇതിനോടകം പത്രിക സമർപ്പിച്ചു. പത്രികകളുടെ സൂക്ഷ്മ പരിശോധന ഈ മാസം 24 ന് നടക്കും. അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് 4 ന് വോട്ടെണ്ണൽ നടക്കും.

***************************************

## BJP- KERALAM 3RD LIST

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള 11 സ്ഥാനാർത്ഥികൾ ഉൾപ്പെടുന്ന മൂന്നാമത്തെ പട്ടിക പുറത്തിറക്കി ബിജെപി. കോവളം മണ്ഡലത്തിൽ ടി എൻ സുരേഷ്, പീരുമേട് സീറ്റിൽ വി രതീഷ്, മാവേലിക്കരയിൽ അജിമോൻ എന്നിവർ മത്സരിക്കും. അരുവിക്കര മണ്ഡലത്തിൽ വിവേക് ഗോപനും, ചവറ സീറ്റിൽ കെ ആർ രാജേഷുമാണ് സ്ഥാനാർത്ഥികൾ. അതേസമയം, തിരുവനന്തപുരം മണ്ഡലത്തിൽ ഇടതുമുന്നണിയുടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി സുധീർ കരമനയെ പ്രഖ്യാപിച്ചു. പേരാവൂരിലെ UDF സ്ഥാനാർഥിയായി കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് ഇന്ന് പത്രിക സമർപ്പിച്ചു.

***************************************

## KERALA WEATHER

കേരളത്തിലെ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.11 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉയർന്ന ചൂട് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്നും അധികൃതർ അറിയിച്ചു.

***************************************

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് , പഞ്ചാബ് എഫ് .സി-യെ നേരിടുന്നു. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

***************************************

## 19 Appellate Tribunals

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പശ്ചിമ ബംഗാളിൽ വോട്ടർപട്ടിക പുതുക്കുന്നതിൻ്റെ ഭാഗമായുള്ള പരാതികൾ കേൾക്കുന്നതിനായി 19 അപ്പീൽ ട്രിബ്യൂണലുകൾ രൂപീകരിച്ചു. സുപ്രീം കോടതിയുടെ 2026 മാർച്ച് 10-ലെ ഉത്തരവിന്റേയും, കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസിൻ്റെ ശുപാർശയുടെയും അടിസ്ഥാനത്തിലാണ് തീരുമാനമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*************************************************************************************

***************************************